**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** **20-01-2021 - ൽ മറുപടിയ്ക്ക്**

**ട്രാംവെ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | **Shri .Ramachandran Kadannappalli**<br>**(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** | |
| (എ) | ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | പുരാവസ്തു വകുപ്പ് മുഖേന ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിന് 142 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള കെട്ടിടത്തിൽ അറ്റകുറ്റ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | എന്തെല്ലാമാണ് നിർദ്ദിഷ്ട ട്രാംവെ റെയിൽ മ്യൂസിയം നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ, മ്യൂസിയം ഗ്യാലറി സജ്ജീകരണം എന്നിങ്ങനെ രണ്ടു ഭാഗമായാണ് പ്രവൃത്തി ക്രമീകരിച്ചിരിക്കുന്നത്. ചരിത്രമായി മാറിയ ചാലക്കുടി ട്രാംവേയുടെ അനുഭവം സന്ദർശകർക്കു ലഭ്യമാക്കുന്ന വിധത്തിൽ മ്യൂസിയം ഗ്യാലറികൾ സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ട്രാംവേയുമായി ബന്ധപ്പെട്ട ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതോടൊപ്പം നിലവിലെ ദൃശ്യ-ശ്രവ്യ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ട്രാംവേയുടെ വിസ്മയകരമായ പ്രവർത്തനാനുഭവങ്ങൾ ആവിഷ്കരിക്കാനും പദ്ധതിയിൽ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ